## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3593** | **25.06.2013 ലെ മറുപടിയ്ക്ക്**

## സോളാർ റൂഫ് പാനൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സോളാർ റൂഫ് പാനൽ പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ആവശ്യപ്പെട്ടിരുന്നുവോ;<br>(ബി) എങ്കിൽ ഈ പദ്ധതിക്കായി ഏതൊക്കെ ഏജൻസികളും വ്യക്തികളും കമ്പനികളും സർക്കാരിനെ സമീപിച്ചെന്ന് വെളിപ്പെടുത്താമോ;<br>(സി) ഇതിൽ ഏതൊക്കെ ഏജൻസികൾക്കും വ്യക്തികൾക്കും കമ്പനികൾക്കും പാനലിൽ ഉൾപ്പെടുത്തി അനുമതി നൽകിയെന്ന് വിശദമാക്കാമോ;<br>(ഡി) ഈ പദ്ധതിക്കായി സർക്കാർ തയ്യാറാക്കിയ പാനൽ ലഭ്യമാക്കാമോ;<br>(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിനെ സമീപിച്ച ഏതെങ്കിലും കമ്പനികളെക്കുറിച്ച് പരാതികളുയർന്നിരുന്നുവോ; വിശദമാക്കാമോ ? | (എ), (ബി), (സി), (ഡി) & (ഇ)<br>സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സാദ്ധ്യമാകുന്ന ഇടങ്ങളിൽ സോളാർ പവ്വർ പ്ലാൻറുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി "ഗ്രിഡ് കണക്ടഡ് സോളാർ/ഹൈബ്രിഡ് സോളാർ പ്ലാൻറ് ഓൺ പബ്ലിക് ബിൽഡിംഗ്സ് 2013" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ പദ്ധതി സ്വകാര്യ സംരംഭകർ വഴി "ബിൽഡ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ" രീതിയിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ മറ്റ് നടപടികൾ ഒന്നും ആയിട്ടില്ല. ഇത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നുമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ